# INDIAN SCHOOL, AL GHUBRA

## MOCK - I [2009-2010]

## CLASS: X – MALAYALAM (SECOND LANGUAGE)

## മലയാളം

Time allowed: 3 hrs — M.Marks: 100

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

*General Instructions:*

- Please check that this question paper contains 3 printed pages.
- Please check that this question paper contains 5 questions
- **Please write down the Serial Number of the question before attempting it.**

### എ വിഭാഗം

1. (a) പര്യായം എഴുതുക — 1

    ദയ

    (b) വിപരീതം എഴുതുക — 1

    (i) പ്രദാനം

    (ii) സഫലം

    (c) നാനാർത്ഥം എഴുതുക — 1

    സാധു

    (d) അർത്ഥവ്യത്യാസം എഴുതുക — 1

    ക്ഷീണം – ക്ഷണം

    (e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക — 4

    (i) ആയുധങ്ങൾ

    (ii) അണിയറ

    (iii) ദുർബലം

    (iv) പരമോത്സവം

    (f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 4

    (i) പൂർണരൂപം

    (ii) പദാർത്ഥനിര

    (iii) രഥാശ്വം

    (iv) ഈരടി

    (g) പ്രയോഗം മാറ്റുക — 2

    (i) ബഷീർ പ്രകൃതിയുടെ അനുഗ്രഹകശക്തിയിൽ വിശ്വസിക്കുന്നു.

    (ii) മദ്യം മനുഷ്യനെ ദുഷിപ്പിക്കും.

    (h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. — 2

    (i) പെറ്റമ്മതന്നെ തുടങ്ങി വച്ച ആ തേജോവധപരിപാടി, കർണൻ ഒടുക്കത്തെ യുദ്ധത്തിനു പുറപ്പെട്ടപ്പോൾ സൂതനായിരുന്ന ശല്യർ ചെയ്ത ശകാരങ്ങളോളം നീണ്ടുകിടക്കുന്നു.

(P.T.O)

(ii) ഭാഷയുടെ ശബ്ദാർത്ഥഗതമായ കഴിവുകളെ പരമാവധി ഉപയോഗിച്ചത് ചെറുശ്ശേരിയുടെ കലാപരമായ വിജയങ്ങളിൽ ഒന്നാണ്.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

ശോഭനമായ ഒരവസ്ഥയിലേക്ക് കേരളത്തെ മുഴുവൻ ഉന്നമിപ്പിച്ചുയർത്താൻ കെൽപ്പുള്ള ദിവ്യപുരുഷൻ തന്നെയാണദ്ദേഹമെന്ന വിശ്വാസം ഈ അവസരഘട്ടത്തിലാണ് ഏറ്റവുമധികം ദൃഢവും വ്യാപകവുമായിത്തീരുന്നത്.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

കശാപ്പുകാരന്റെ ചവിട്ടേറ്റടർന്ന സുഹറയുടെ പല്ലുകൾ മനസ്സിൽ ഭീതിയുടെ ചിത്രം വരച്ചു.

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(i) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പ്രാധാന്യം

(ii) സ്കൂൾ സാഹിത്യസമാജം കൊണ്ടുള്ള നേട്ടങ്ങൾ

(iii) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

(b) കൃഷിസ്ഥലങ്ങൾ നികത്തുന്നതുമൂലം നാം നേരിടുന്ന പരിസ്ഥിതിപ്രശ്നത്തെക്കുറിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഡയറക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

തുളസിദാസും തുഞ്ചനും ഭക്തന്മാരും യോഗികളും കവികളുമായിരുന്നു. മനുഷ്യജീവിതത്തിലെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അവർ മനസ്സിലാക്കി. വൈവിദ്ധ്യം നിറഞ്ഞ ജീവിത തത്ത്വങ്ങളെ സമന്വയിപ്പിക്കാൻ അവർ പരിശ്രമിച്ചു. തുളസിയും തുഞ്ചനും യഥാക്രമം ശ്രീകൃഷ്ണന്റെയും ശ്രീരാമന്റെയും ജീവിതമാണ് കൃതികൾക്ക് വിഷയമായി തിരഞ്ഞെടുത്തത്. തുളസിദാസ് രാമനോട് കൂടുതൽ ഭക്തി പ്രകടിപ്പിച്ചെങ്കിലും 'കൃഷ്ണഗീതാവലി' എന്ന പേരിൽ ശ്രീകൃഷ്ണ മാഹാത്മ്യത്തെക്കുറിച്ചും ഒരു കൃതി രചിച്ചു. എന്നാൽ തുളസിദാസന്റെ പ്രശസ്തിക്കു നിദാനം 'രാമചരിതമാനസം' തന്നെയാണ്. ലോകത്തിലെ എല്ലാ ഭാഷകളിലേയ്ക്കും ഇതു പരിഭാഷപ്പെടുത്തിയുട്ടുണ്ട്. അദ്ധ്യാത്മരാമായണം കിളിപ്പാട്ടും മഹാഭാരതം കിളിപ്പാട്ടുമാണ് തുഞ്ചത്താചാര്യന്റെ പ്രശസ്ത കൃതികൾ. നിരൂപകന്മാരുടെ അഭിപ്രായത്തിൽ അദ്ധ്യാത്മരാമായണത്തേക്കാൾ ഉത്കൃഷ്ടമാണ് അദ്ദേഹത്തിന്റെ 'മഹാഭാരതം'.

(i) തുഞ്ചത്താചാര്യന്റെ പ്രശസ്ത കൃതികൾ ഏതെല്ലാം? 2

(ii) നിരൂപകന്മാരുടെ അഭിപ്രായത്തിൽ അദ്ധ്യാത്മരാമായണത്തേക്കാൾ ഉത്കൃഷ്ടമായ കൃതിയേത്? 2

(iii) തുളസിദാസും തുഞ്ചത്താചാര്യനും എന്തിനുവേണ്ടിയാണ് പരിശ്രമിച്ചത്? 2

(iv) തുളസിയും തുഞ്ചനും തങ്ങളുടെ കൃതികൾക്ക് വിഷയമായി തിരഞ്ഞെടുത്തത് എന്തായിരുന്നു? 2

(P.T.O)

(v) തുളസിദാസൻെറ പ്രശസ്തിക്കു നിദാനമായ കൃതിയേത്? 2

## ബി വിഭാഗം

3. (a) 'ക്ഷത്രിയന്മാർക്ക് ബലമാണു മേന്മ; യുദ്ധമാണു വേല.' –
   (i) ആര് ആരോടു പറയുന്നതാണിത്? 2
   (ii) സന്ദർഭം വിശദമാക്കുക. 2
   (b) (i) കൃഷ്ണഗാഥയുടെ രചയിതാവാര്? 1
   (ii) കൃഷ്ണഗാഥ ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു കൃതിയാണെന്നതിലെ സൂചനകൾ എന്തെല്ലാം? 3
   (c) 'അന്നാദ്യമായി അയാൾക്കൊരു നാളെ ഉണ്ടായി' – ആർക്ക് ? സന്ദർഭവും ആശയവും വ്യക്തമാക്കുക. 4
   (d) (i) 'ബാല്യകാലസഖി' കവിതയാണെന്ന് എം. കൃഷ്ണൻ നായർ സമർത്ഥിക്കുന്നതെങ്ങനെ? 2
   (ii) നോവൽ രചനയിൽ ബഷീറിൻെറ രീതി എന്താണ്? 2
   (e) (i) മതപ്പോരിന് അവസാനമുണ്ടാകാൻ സ്വാമി നിർദ്ദേശിക്കുന്നതെന്താണ്? 3
   (ii) 1920–ലെ തിരുനാളാഘോഷവേളയിൽ ശ്രീനാരായണഗുരു പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങൾ ഏവ? 1

4. (a) പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നതാണു പ്രേമം എന്നു കവി സ്ഥാപിക്കുന്നതെങ്ങനെ? 4
   (b) "രണ്ടു മിഴികളിലമ്പരപ്പും
   രണ്ടു മിഴികളിൽ സ്നേഹവായ്പും
   ഏന്തിത്തുളുമ്പും തുളുമ്പലുകൾ
   ഏറെയുമില്ല കുറവുമില്ല!" –
   സന്ദർഭവും ആശയവും വ്യക്തമാക്കുക. 4
   (c) "ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
   നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
   മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
   കൗതുകമുണ്ടായ്‌വന്നു ചേതസി കൗശികനും."– ആശയവും
   അലങ്കാരവും വ്യക്തമാക്കുക. 4
   (d) പുതുവഴിവെട്ടുന്നവർക്കുണ്ടാകാവുന്ന ദുരിതങ്ങൾ ഏവ? 4
   (e) 'വായന' എന്ന കവിത നൽകുന്ന സന്ദേശമെന്ത്? 4

5. അപ്പുവിലൂടെ നൂതനമായ ഒരു ലോകമാണ് 'മൃതസഞ്ജീവനി'യിൽ കഥാകൃത്ത് അവതരിപ്പിക്കുന്നത് – സമർത്ഥിക്കുക.

*(അല്ലെങ്കിൽ)*

'മൃതസഞ്ജീവനി' എന്ന നോവലിൽ അവതരിപ്പിക്കുന്ന ദ്വീപ് ലോകത്തിനു നൽകുന്ന സന്ദേശമെന്ത്? 10

---

*Prepared by: Jitheesh, Dept. Malayalam (HOD), Indian School, Al Ghubra. Sultanate of Oman. Ph.0968 95079490, e mail; jitheesh2003@yahoo.co.in*